Uncorrected/Not for publication
09-10-2025

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.07-ന് നിർത്തിവച്ച സഭ 10.32-ന് പുനരാരംഭിച്ചു)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ശാന്തരായി സീറ്റിലിരിക്കണം. സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഇന്ന് ഇവിടെ നടന്ന ബഹളത്തിൽ ചീഫ് മാർഷലിന് പരിക്കേറ്റതിനെത്തുടർന്ന് ചികിത്സയ്ക്കായി അദ്ദേഹത്തെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയിരിക്കുകയാണ്..... (ബഹളം).... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ,...... ഫ്ലോർ ഓർഡറാക്കണം. പ്ലീസ്... പ്ലീസ്...

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞങ്ങൾ സഭാനടനടികളുമായി പൂർണ്ണമായും നിസഹകരിക്കുകയാണ്. ഇന്നലെ ഞങ്ങളിവിടെ മുദ്രാവാക്യം വിളിക്കുകയും പ്രകടനം നടത്തുകയും ചെയ്തപ്പോൾ 'കുഞ്ഞുങ്ങൾ ഗ്യാലറികളിൽ ഇരുന്ന് കാണുന്നില്ലേ' എന്നുപറഞ്ഞ് അങ്ങ് വലിയ ബഹളമുണ്ടാക്കി. എന്നാൽ ഇന്നുവന്ന മറ്റുചില കുഞ്ഞുങ്ങൾ ഗ്യാലറികളിൽ ഇരിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിമാരും ചില അംഗങ്ങളും നടത്തിയ സഭ്യേതരമായ പരാമർശം അങ്ങ് കേട്ടുകൊണ്ടിരുന്നു. അതെല്ലാം

ഞങ്ങളുടെ കൈയിലുണ്ട്. കേട്ടാൽ അറയ്ക്കുന്ന വാക്കുകളാണ് ചില അംഗങ്ങൾ ഇവിടെ പറഞ്ഞത്. ചീഫ് മാർഷലിന് പരിക്കുപറ്റിയെന്ന് ഇപ്പോൾ അങ്ങ് പറഞ്ഞു. ഈ ചീഫ് മാർഷൽ പണ്ട് കൈ ഒടിഞ്ഞെന്നുപറഞ്ഞ് കള്ള സർട്ടിഫിക്കറ്റുണ്ടാക്കിയ ആളാണ്. അതുകൊണ്ട് അതൊന്നും പറഞ്ഞ് ഞങ്ങളെ ആരും ഭയപ്പെടുത്താൻ നോക്കണ്ട.

മി. സ്പീക്കർ: അങ്ങേയ്ക്ക് പിശകുപറ്റി. അന്നത്തെ ചീഫ് മാർഷലല്ല ഇപ്പോഴുള്ളത്, ഇത് പുതിയ ആളാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ ഈ സഭാനടപടികൾ പൂർണ്ണമായും ബഹിഷ്കരിക്കുകയാണ്. പക്ഷെ, ശ്രീധർമ്മശാസ്താവിന്റെ/സ്വാമി അയ്യപ്പന്റെ ദ്വാരപാലക ശില്പം കോടീശ്വരന്മാർക്ക് വിറ്റ, അതിന് കൂട്ടുനിന്ന ആളുകൾ, വീണ്ടും വീണ്ടും ആളുകളെ ക്ഷണിച്ചുവരുത്തിയ ആളുകൾക്കെതിരെ നടപടിയെടുത്തില്ലെങ്കിൽ ഞങ്ങൾ ഈ നിയമസഭയ്ക്കകത്തും പുറത്തും അതിശക്തമായ സമരവുമായി മുന്നോട്ടുപോകുന്നതാണ്.

(പ്രതിപക്ഷം ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇന്നലെയും ഇന്നും പറഞ്ഞ കാര്യങ്ങൾ

Uncorrected/Not for publication
09-10-2025

പലതും പാർലമെന്റേതരമായ കാര്യങ്ങളാണ്. യഥാർഥത്തിൽ പ്രതിപക്ഷത്തിന് പറ്റിയത് ഒരു ആവേശത്തിൽ കിണറിൽ ഇറങ്ങിപ്പോയി, എന്നാൽ വേറൊരു ആവേശത്തിൽ കിണറിൽനിന്നും കറയാൻ പറ്റില്ല എന്നുള്ളത് പഠിച്ചില്ല. അതാണ് പറ്റിപ്പോയ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇതുപോലെ ആവനാഴിയിൽ അമ്പുകളില്ലാതെ നിസ്സഹായരായ ഒരു പ്രതിപക്ഷം കേരള നിയമസഭയുടെ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? ആദ്യം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നു. ഞങ്ങൾ ആഗ്രഹിച്ചിരുന്നത് ഓരോ ദിവസവും ഓരോ വകുപ്പിനെ സംബന്ധിച്ച് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരട്ടെ എന്നായിരുന്നു. കാരണം എല്ലാ കാര്യങ്ങളും പറയാൻ ഒരവസരം ഈ ഗവൺമെന്റിന് ലഭിക്കുമെന്നാണ് ഞങ്ങൾ കരുതിയത്. എന്നാൽ രണ്ടുമൂന്ന് ഉപക്ഷേപങ്ങൾ കൊണ്ടുവന്നപ്പോഴേയ്ക്കും മുഖത്ത് അടി കിട്ടിക്കഴിഞ്ഞപ്പോൾ പിന്നെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള നോട്ടീസിൽ ഒപ്പിടാൻപോലും കഴിയാത്ത രൂപത്തിൽ ദുർബലമായിപ്പോയി പ്രതിപക്ഷം. ഇവിടെ അവസാനം എന്തോ അടിച്ചുകൊണ്ടുപോയ കാര്യം പറഞ്ഞല്ലോ, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ചർച്ചയിൽ പറയും.

ഇത് 'ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വയനാട് പുനരധിവാസ ഫണ്ടിലേക്ക് ശ്രീ. രാഹുൽ ഗാന്ധിയിൽനിന്ന് 2,30,000/- രൂപ കൈപ്പറ്റിയതായി പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ, ശ്രീ. കെ. സുധാകരൻ എം. പി., കെ.പി.സി.സി. പ്രസിഡന്റ് (പേപ്പർ ഉയർത്തിക്കാട്ടി).... ശ്രീ. രാഹുൽഗാന്ധിയുടെ 2,30,000/- രൂപ വരെ അടിച്ചുകൊണ്ടുപോയ ആളുകൾ എന്താണ് പറയുകയെന്നാണ് നാം കാണേണ്ടത്. അത്രമാത്രം ദയനീയാവസ്ഥയിലാണ് പ്രതിപക്ഷമുള്ളത്. അത് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. ഈ ഗവൺമെന്റ് ഈ സഭയിൽ അവതരിപ്പിക്കുന്ന ഈ നാടിനെ സംബന്ധിച്ച് ഏറ്റവും പ്രാധാന്യമുള്ള ബില്ലുകളുടെ പ്രാധാന്യം മറച്ചുവയ്ക്കാനുള്ള ദുർബലമായ ശ്രമം മാത്രമാണ് പ്രതിപക്ഷം നടത്തുന്നതെന്ന് കേരളീയ സമൂഹം തിരിച്ചറിയും.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വളരെ ഗൗരവമുള്ള വിഷയമാണ് അങ്ങ് ഇപ്പോൾ സഭയെ അറിയിച്ചത്. പ്രതിപക്ഷാംഗങ്ങളുടെ അക്രമത്തിൽ ചീഫ് മാർഷലിന് പരിക്കുപറ്റിയിരിക്കുകയാണ്. അങ്ങ് പറഞ്ഞതുപോലെ അവർ ഇവിടെ കാണിച്ചുകൂട്ടിയത് ഗ്യാലറിയിലിരിക്കുന്ന കുഞ്ഞുങ്ങളെല്ലാം

കണ്ടതാണ്. പ്രതിപക്ഷാംഗങ്ങൾ അവരുടെ സീറ്റുകളിൽനിന്ന് ഇരച്ചുവന്ന് ഇടിച്ചുകയറാൻ ശ്രമിച്ചത് തടഞ്ഞതിനിടയിലുണ്ടായ ബലപ്രയോഗത്തിൽ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ നിശബ്ദജീവികളായ വാച്ച് ആൻഡ് വാർഡുകളെ ആക്രമിച്ചതിനെത്തുടർന്ന് ചീഫ് മാർഷലിന്റെ കൈയ്ക്ക് പൊട്ടലുണ്ടെന്നുമാണ് മനസ്സിലാക്കുന്നത്. അദ്ദേഹത്തെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നിരിക്കുന്നു. എന്നാൽ പശ്ചാത്താപത്തിന്റെയോ കുറ്റബോധത്തിന്റേയോ ലാഞ്ചനപോലുമില്ലാതെ ഈ വിഷയം ന്യായീകരിക്കുകയല്ലേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചെയ്തത്. അപ്പോൾ അക്രമത്തിന്റെ പിന്നിൽ ആരാണെന്നുള്ളത് വ്യക്തമായിരിക്കുകയല്ലേ. തന്റെ കുട്ടികളെ അഴിച്ചുവിട്ട് ഈ ആക്രമണം നടത്താൻ പ്രേരിപ്പിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ ആക്രമണത്തെ ന്യായീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇവിടെ ഒരു ബഹുമാന്യനായ അംഗം സഭയ്ക്ക് പുറത്തുവച്ച് നടത്തിയ പദപ്രയോഗം സഭയിൽ പറയുന്നത് ഉചിതമല്ലാത്തതുകൊണ്ട് പറയുന്നില്ല. ഇന്നലെ അദ്ദേഹം സ്വന്തം എം.എൽ.എ.മാരെക്കുറിച്ച് നൽകിയ ഒരു വിശേഷണമുണ്ട്. ഞാനത് പറയുന്നില്ല, ലോകം മുഴുവൻ കേട്ടതാണ്.

സഭയിൽ പറയാൻ പറ്റാത്തതുകൊണ്ട് പറയുന്നില്ല. അത്തരത്തിൽ ഈ അക്രമണങ്ങൾക്കെല്ലാം നേതൃത്വം കൊടുത്ത് പരാജയപ്പെട്ടുകൊണ്ട് പതിവുപോലെ പ്രതിപക്ഷം സഭ ബഹിഷ്കരിക്കുകയാണ്. കുറച്ചുദിവസം മുമ്പ് ഒരു കുട്ടിയുടെ വൈറലായ ഒരു കുറിപ്പ് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി പങ്കുവച്ചിരുന്നു. 'വിജയിച്ചവർ പരാജയപ്പെട്ടവരെ കളിയാക്കരുത്' എന്നാണ് ആ കുറിപ്പ്. കോടതിയിലും സഭയിലും ചർച്ചയിലും ജനങ്ങളുടെ മുമ്പിലും പരാജയപ്പെട്ടവരാണ് പ്രതിപക്ഷം. ആ പ്രതിപക്ഷത്തെ ഞങ്ങൾ കളിയാക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാരോട് അഭ്യർഥിക്കാനുള്ളത് സബ്മിഷന്റെ മറുപടികൾ മേശപ്പുറത്ത് വച്ചാൽ മതിയാകും. ബഹുമാനപ്പെട്ട അംഗങ്ങൾ സബ്മിഷന്റെ പോയിന്റ് മാത്രം പറയണം. കാരണം നിരവധി ബില്ലുകൾ ഇന്ന് സഭയ്ക്ക് പരിഗണിക്കേണ്ടതുണ്ട്.